## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4061 — 16.03.2017-ൽ മറുപടിയ്ക്ക്

### തീയേറ്റർ നിർമ്മാണത്തിന് സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) തീയേറ്റർ നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ, തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന കെ.എസ്.എഫ്.ഡി.സിയുടെ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (എ) 2017-18 ബജറ്റിൽ കെ എസ് എഫ് ഡി സി യുടെ കീഴിൽ തീയേറ്റർ ശൃംഖല സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്നും 100 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്റർ നിർമ്മാണത്തിനായി 50 സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ തീയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത വിലയിരുത്തിയതിനുശേഷം തീയേറ്റർ സമുച്ചയം വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട്. |
| (ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് തീയേറ്റർ നിർമ്മാണത്തിന് സ്ഥലം നൽകാമെന്ന് കെ.എസ്.എഫ്.ഡി.സിയെ അറിയിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് തീയേറ്റർ നിർമ്മാണത്തിന് സ്ഥലം നൽകുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് തീയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിച്ച് വിലയിരുത്തിയതിനു ശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ